DESPATCHED 11/06/2020

15/05/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 71*(2)/2018*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **391** /*എസ്.ഐ.സി-ജി 6/18*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ **കമ്മീഷണർ**

ശ്രീ.ശേഖര എ.,
S/o തീർക്കൻ (L),
അത്രുഗുളി, പാഡി വില്ലേജ്,
എടനീർ (പി.ഒ.) കാസറഗോഡ്. } **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ പോലീസ് ഓഫീസ്,
കാസറഗോഡ്.

2. അപ്പീൽ അധികാരി&
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് ഓഫീസ്,
കാസറഗോഡ്.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 27.09.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.10.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.11.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.12.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 09.01.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 12.01.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.02.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കാസറഗോഡ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.ശേഖര എ., 09.01.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 12.01.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.71(2)/18/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പിലിനും തൃപ്തികരമായ വിവരങ്ങൾ ലഭ്യമായില്ലെന്നും ടിയാന് വ്യക്തവും പൂർണ്ണവുമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 27.09.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 25.10.2017ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 13.11.2017ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 14.12.2017ന് മറുപടി നൽകിയതായും കാണുന്നു.

4. 13.03.2018ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ശ്രീ.ഹരിശ്ചന്ദ്ര നായിക്, ശ്രി.പ്രകാശൻ, ശ്രീ.രാമകൃഷ്ണൻ എന്നിവർ SMS ൽ ജോലി പ്രവേശിച്ചതെന്നാണെന്നും എത്രകാലമായി ടി ഓഫീസിൽ തുടരുന്നുവെന്നുമാണ്. ആയതിന് മറുപടി നൽകിയിട്ടുണ്ടെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന് കളവായ വിവരങ്ങൾ നൽകി ടിയാനെ തെറ്റിദ്ധരിപ്പിച്ചുവെന്നാണ് കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപമെന്നു കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരന് നൽകിയ മറുപടിയിൽ 21.12.2016 മുതൽ 10 മാസം ടിയാൻ ജോലിചെയ്തിരുന്നുവെന്നാണ് രേഖപ്പെടുത്തിയിരുന്നതെന്നും പിന്നീട് തിരുത്തി നൽകിയെന്നും ഒന്നാം എതിർകക്ഷി കമ്മീഷന് മൊഴി നൽകി. രേഖകൾ പരിശോധിച്ചതിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോധ്യമാ

കുന്നു. ആകയാൽ ഇത്തരം വീഴ്ചകൾ സംഭവിയ്ക്കാൻ പാടുള്ളതല്ല എന്ന് കമ്മീഷൻ മേൽപ്പടി എതിർകക്ഷിയെ താക്കീതു ചെയ്യുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മേയ് 15–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM